"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം- കണ്ണൂർ ജില്ലയിലെ നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയ ശ്രീമതി.രസ്ന മുഹമ്മദ്-ന് പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1646/2025/H&FWD തീയതി,തിരുവനന്തപുരം, 13-06-2025

പരാമർശം:- 1. സ.ഉ. (പി) നം. 112/2017/ധന തീയതി 24.08.2017

2. ശ്രീമതി.രസ്ന മുഹമ്മദ്-ന്റെ 29.11.2024 തീയതിയിലെ അപേക്ഷ.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.03.2025 തീയതിയിലെ ഇ.ജി 3/4095/2025/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയ ശ്രീമതി.രസ്ന മുഹമ്മദ്, ജോലിക്കിടയിൽ 24.10.2024-ന സംഭവിച്ച അപകടത്തെ തുടർന്ന് പ്രത്യേക അവശതാവധിക്കു സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം(3) കത്തിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളും, ലഭ്യമാക്കിയ രേഖകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയ ശ്രീമതി.രസ്ന മുഹമ്മദ്—ന് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം 26.12.2024 മുതൽ 23.04.2025 വരെ 1 1 9 ദിവസത്തേക്ക് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിയ്ക്കുന്നതല്ല. ഈ കാലയളവിൽ അധികം അവധി ആവശ്യമായി വരുന്ന പക്ഷം, ചട്ടപ്രകാരമുള്ള അവധി അപേക്ഷ വാങ്ങിയശേഷം ക്രെഡിറ്റിലെ അവധി ലഭ്യതയ്ക്ക് വിധേയമായി അർഹതപ്പെട്ട അവധിയായോ കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ആഫീസർ, കണ്ണൂർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ)

സൂപ്രണ്ട്, പ്രാഥമികാരോഗ്യ കേന്ദ്രം, നടുവിൽ, കണ്ണൂർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ)

ശ്രീമതി.രസ്ന മുഹമ്മദ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, പ്രാഥമികാരോഗ്യ കേന്ദ്രം,

നടുവിൽ, കണ്ണൂർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (C2/71/2025-HEALTH

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 16-06-2025 11:45:27

സെക്ഷൻ ഓഫീസർ